

# ചാരുത




## എസ് എൻ വി എസ് എച്ച് എസ്, തൃക്കരുവ


ശ്രീനാരായണ പരമഗുരുഭ്യോ നമഃ

# താളുകളിലൂടെ

സൗഹൃദ താളുകൾ ..........11

പ്രകൃതിയുടെ രോധനം ..........12

സ്നേഹമഴത്തുള്ളികൾ ..........13

യാത്ര ..........14

മുത്തശ്ശി ..........15

കുട്ടികളും മാങ്ങകളും ..........16

വിദ്യാലയം പ്രതിഭകളോടൊപ്പം ..........18

ഒറ്റ ചിറകുള്ള പക്ഷി ..........21

കാവാലം നാരായണ പണിക്കർ ..........22

വനദേവത ..........23

മഹാ വിഡ്ഢിയായ കാക്ക ..........24

വേട്ടക്കാരനും കാട്ടുകുതിരയും ..........25

ബാല്യകാലം ..........26

ഓർമ്മകളിലൂടെ ..........27

ക്വിസ്സ് ..........29

ശാസ്ത്രജ്ഞന്മാർ ..........32

രണ്ട് ചങ്ങാതിമാർ .......... 35

അമ്മ ..........36

നോവോർമ്മയുടെ മധുരം ..........37

മടക്കം ..........................................................38

എന്റെ പ്രകൃതി ..........................................................38

തിരിച്ചറിവ് ............................................................39

വർണ്ണ പക്ഷി ............................................................40

വിട ............................................................41

ഗുരുനാഥ ............................................................42

പൊന്നമ്പിളി ............................................................43


പ്രപഞ്ചത്തെ ഒളിപ്പിച്ച പട്ടിക ........................................................44

ഓർമ പൂക്കൾ ..........................................................47

ഭരണ ഘടന ..........................................................49

ചിത്രരചന ..........................................................54

# ചാരുതയോടൊപ്പം



## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : ഷീബ എസ് ഡി

സ്റ്റുഡന്റ് എഡിറ്റർ : ഷഹിൻ ഷാ . എസ്

സബ് എഡിറ്റർമാർ

സൂര്യ . എസ്

ശ്രീജ . എസ്

ഷിബിന . എസ്

അഭിജിത്ത് ബി . എം

ജോബിൻ തോബിയാസ്

ശ്രീന . എസ്

ഷബ്ന എസ്

# ആമുഖം

## എസ്. എൻ. വി. എസ്. എച്ച്. എസ് തൃക്കരുവ

മാനവകുലത്തിന് വിശ്വദർശനമരുളിയ ശ്രീ നാരായണഗുരുവിന്റെ പാദസ്പർശം കൊണ്ട് പവിത്രമായതും ആ ചൈതന്യത്തിന്റെ ശക്തികൊണ്ട് നിലനിൽക്കുന്നതുമായ ഈ സരസ്വതീ ക്ഷേത്രം ശതാബ്ദിയുടെ നിറവിലേക്ക് കാലെടുത്തു വക്കുന്നു. മൃതഭാഷാപട്ടികയിലേക്ക്എടുത്തെറിഞ്ഞു എന്ന് ആർത്തുവിളിച്ചും പച്ചപ്പിന്റെ ചെറുതലയെടുപ്പുമായി സംസ്കൃത ഭാഷയിവിടെ വിരാജിക്കുന്നു.

1921 വിജയദശമി നാളിലാരംഭിച്ച സംസ്കൃത വിദ്യാലയം കാലങ്ങളിലേറ്റ മാറ്റങ്ങളെ ആവാഹിച്ചുകൊണ്ടുതന്നെ മുന്നേറിവരുന്നു-ആ വിലയിരുത്തലാകുന്ന നമ്മുടെ സ്മാർട്ട് ക്ലാസ്റൂമുകളും ഈ മാഗസീൻ ഉൾപ്പെടെയുള്ള നിർമാണത്തിന് കുട്ടികളെ പ്രാപ്തരാക്കിയ നൂതനസാങ്കേതിക വിദ്യകളും അതിനായി നൽകിവരുന്ന മികവുറ്റ പരിശീലനങ്ങളും. മാറ്റത്തിന്റെ തുടിമേള താളങ്ങളെ കോർത്തിണക്കുന്ന ജീവനക്കാരും തൃക്കരുവ ഗ്രാമത്തിന്റെ ജിഹ്വയായി ഈ സ്കൂളിനെ നിലനിർത്തുന്നു.

# സന്ദേശം

നൂതന സാങ്കേതിക വിദ്യയുടെ വളർച്ചക്കൊപ്പം കൈപിടിച്ച് നടക്കാൻ പുതു തലമുറയെ പ്രാപ്തമാക്കുന്ന പുതു ആശയമാണ് ലിറ്റിൽ കൈറ്റ്സ്. തൃക്കരുവ എസ്.എൻ.വി സംസ്കൃത ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ ( 2019 - 2021) നേതൃത്വത്തിൽ തയാറാക്കിയ ഇ-മാഗസിൻ "**ചാരുത**" പൂർത്തിയായിരിക്കുകയാണ്. ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങൾക്കും മാഗസിനും എല്ലാ വിധ ആശംസകളും നേരുന്നു .

**കാവിള എം. അനിൽകുമാർ**

**സ്കൂൾ മാനേജർ.**



# സന്ദേശം

തൃക്കരുവ എസ്.എൻ.വി.എസ്.എച്ച്.എസ് ലെ സ്കൂൾതല ഹൈടെക്ക് പ്രവർത്തനങ്ങൾ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ നടത്തി വരികയാണ് . ഹൈസ്കൂൾതലത്തിലെ ക്ലാസ്സുറികൾ ഹൈടെക്ക് ആയി . കുട്ടികളുടെ സർഗ്ഗവാസനകളുടെ സാക്ഷ്യപത്രങ്ങളാണ് മാഗസിനുകൾ . മാഗസിനുകൾ ഡിജിറ്റൽ ആകുമ്പോൾ സാങ്കേതിക രംഗത്തെ മികവ് കൂടി ഒത്തുചേരുന്നു. പൊതുവിദ്യാഭ്യാസമേഖല സാങ്കേതിക വിദ്യയാൽ സമ്പുഷ്ടമാക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്ന ഈ സ്കൂളിനും,ലിറ്റിൽ കൈറ്റ്സിനും, ഡിജിറ്റൽ മാഗസിനും എല്ലാവിധആശംസകളും നേരുന്നു .

**അനിത എം കെ**

**ഹെഡ്മിസ്ട്രസ്**



# ലിറ്റിൽ കൈറ്റ്സ്

2018 ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് 19 വിദ്യാർത്ഥികളോടെ ഈ വർഷവും പ്രവർത്തനം നടന്നു വരികയാണ്. ഈ വർഷത്തെ ആദ്യ ക്യാമ്പ് 22/6/19 ഗവ എച്ച് എസ് എസ്, അഷ്ടമുടിയിൽ വച്ച് നടക്കുകയുണ്ടായി.

















Little kites on 3/10/19



## സൗഹൃദ താളുകൾ

ഓർമ്മതൻ തീരങ്ങളിൽ ഏകതയാകുമ്പോൾ
അറിയാത്ത ഞാൻ ഓർത്തുപോകുന്നെൻ
അതി സുന്ദരമാം സൗഹൃദം .
പുസ്തകത്താളുകൾ മറിയുന്ന വേളയിൽ
പുതുവെളിച്ചങ്ങളായെന്നിൽ എന്നും
നാമ്പിട്ടു നിന്നൊരെൻ സൗഹൃദം
നന്മ നൽകിയ സുന്ദരമായൊരു
വള്ളിക്കുടിലാണന്റെ സൗഹൃദം
ഓർത്തു പോകുന്നു ഞാൻ എന്തിനോ ....
ഒരു കുടക്കീഴിൽ ഒരുമിച്ചിരുന്നക്ഷരങ്ങൾ
ചൊല്ലിപ്പഠിപ്പിച്ച നേരത്തും താങ്ങായി
നിന്നൊരാ സൗഹൃദം



ഓർക്കുന്നു ഞാനാ തെളിനീർ പുഴയും ,അതിൽ
ഓളത്തോടൊപ്പം തിമിർത്തു മറിയുന്ന
പരൽ മീനുകളെ പണ്ടേത്ര കണ്ട് നിന്നു
ഞാനാ സൗഹൃദത്തിൻ തണലിൽ .
പിന്നെയും ഞനോർക്കുന്നു
കൂടെപ്പാടി നടന്നൊരെൻ തോഴിയേയും
മാവിന്റെ പോട്ടിലാ പ്രായമുള്ള
കാറ്റിനെ കാത്തത്ര നാളിരുന്ന ഞങ്ങൾ
ഒരു വട്ടം  കൂടി തഴുകിക്കടന്നപ്പോയ
കാറ്റിൽ ഞാനറിഞ്ഞുവെൻ
പ്രിയ തോഴിയുടെ വേർപാട്.



ദിലീപ്.ഡി

ക്ലാസ്സ് 10

# പ്രകൃതിയുടെ രോദനം

കാടെവിടെ കുട്ടരേ നാടെവിടെ കുട്ടരെ
കാടിന്റെ മക്കളുടെ രോധനം മാത്രം
ഭൂലോകം മുഴവൻ മനഷ്യർക്കും മാത്രമോ ?
ജീവജാലകങ്ങൾ പിന്നെന്തു ചെയ്വു
കാടും മലയും പുഴയും മണലും
പങ്കുവയ്ക്കുന്നതും നീയെ മനഷ്യ
ഇന്ന നമുക്കായി എരിയുന്ന സൂര്യനും
രാത്രിയിൽ മിന്നുന്ന താരങ്ങളും
ഇരുളിൽ തഴുകുന്നനിലാവും
കത്തിജ്ജ്വലിക്കുന്നതാർക്കുവേണ്ടി മനഷ്യ
ഇന്നലെ നമുക്കായി ഒഴുകിയ പുഴകളും
നീരുറവകളും വറ്റി വരണ്ടു
ഓർക്കുക മനജാ പ്രകൃതിയാകുന്ന അമ്മയോട്
എന്തിനീ ക്രൂരത എന്തിനീ ക്രൂരത
കാടെവിടെ കുട്ടരെ നാടെവിടെ കുട്ടരെ
രാവില്ല പകലില്ല ഓരോനിമിഷവും
ഓരോ നിമിഷവും മരിക്കുന്ന പ്രകൃതി
ജീവൻ കാക്കുവാനായ് ദൈവം
കനിഞ്ഞ ഈ ഭൂമിയെ നശിപ്പിക്കരുതേ
മനഷ്യ. . . . .






**ജോബിൻ തോബിയാസ്**

**ക്ലാസ്സ് 10**

# സ്നേഹമഴത്തുള്ളികൾ



ഓർമയിൽ ഇന്നലെ പെയ്തു തോർന്നൊരു
മഴത്തുള്ളികളെ നോക്കി ഞാൻ നിൽക്കവേ
അവയുടെ മൃദുലസ്വരങ്ങൾ കേട്ടുഞാൻ
താളങ്ങളോർത്തു പാടവേ
ഇന്നും മഴയൊരു ചെറുസ്വപ്നമായി
എന്നിലേക്കാഞ്ഞുപെയ്യവേ
ആരോരും അറിയാത്ത സാന്ത്വനഗീതം പോൽ
ആ മഴയെന്നിൽ പതിയവേ
നാളെയാമഴയെത്തും വീണ്ടും ഒരു രാഗമായെന്നിൽ
പെയ്യുമെന്നോർത്തു ഞാനിരിക്കവേ




**അഭിജിത്ത് ബി. എം**

**S.T.D 10**

# യാത്ര

സ്നേഹം പടിയിറങ്ങിയ മനസ്സിന്റെ ചില്ലകളിൽ
ഏകാന്തതയുടെ മഞ്ഞുപാളികൾ ഉറച്ചിരുന്നു .
സർവ്വതും അന്യമായിരുന്നെങ്കിലുമീ ഭൂവിൽ
വേദനയുടെ അഗ്നികൾ എനിക്ക് സ്വന്തം



എന്തിനു ചെയ്യുന്നു എന്നോടീ ദ്രോഹങ്ങൾ
വൈധവ്യമെന്നതു ശാപമാണോ
അറിയില്ലെനിക്കെൻ ജീവിതമെന്തിനു
എന്തിനീ ജീവിതഭ്രമിക്കു ഭാരമായ്.

എന്നിട്ടു മെന്തേനിൻ കണ്ണിൽ നിന്നൊരു പിടി
ചൂടു കണ്ണീരു പോലും ഉതിർന്നു വീഴുന്നില്ല
മടങ്ങുന്നീ ഞാൻ നഷ്ടസ്വപ്നങ്ങളുമായ്
നെടുവീർപ്പുകളുടെ നൊമ്പര തീരത്തേക്ക്

പ്രവീണ എസ്
ക്ലാസ് 10



# മുത്തശ്ശി

മൺ ചിരാതത്തിൽ ദീപം തെളിച്ചങ്ങു
മനസ്സിൽ തിരി നീട്ടി മുത്തശ്ശി ചൊല്ലുന്നു
മഴ വില്ലുപോലെ അകകണ്ണ് നിറയ്ക്കുന്നു
ഓർമ്മകൾ പടരാത്ത ബിന്ദു ആയി .
തുള്ളിക്കളിച്ചു നടന്നു ജീവിതം നിറം ചാർത്തി



ചങ്ങാത്തം കൂടിയ കാലം കഴിഞ്ഞു .
മംഗല്യസൂത്രം കഴുത്തിൽ ചാർത്തി മറ്റൊരു
വീട്ടിൽ വലതുകാൽ വച്ചു .
വീട്ടിലും തൊടിയിലും അടുത്തും അകലെയും
സ്നേഹ ചിരാതായി സാന്ത്വനമേകി .
ഋതുക്കൾ വന്നു വസന്തം വിരമിച്ചു
വരം തന്നു ദൈവം മക്കളെ നൽകി .
തോളോടു തോൾ ചേർന്നു അച്ഛനും അമ്മയും
അവരെ വളർത്തുവാൻ എരിഞ്ഞടങ്ങി .
ഉണ്ടില്ലുറങ്ങില്ല പാടത്തും പറമ്പിലും
രാപകൽ ജീവിക്കാൻ വിത്ത് വിതച്ചു .
പിന്നൊക്കെ കണ്ടതാം സ്വപ്നങ്ങളിൽ
മക്കൾ വളരുന്നു വലുതായി താങ്ങായിടുന്നു .
ഉയർന്നവർ ഉന്നത ഉദ്യോഗസ്ഥരായി
പറന്നവർ അകലേക്ക് ഒരുവനൊഴിച്ച്
താന്തോന്നിയാണെന്നു അവനെ പറഞ്ഞു
വിദ്യ തേടാതെങ്ങും അലയുന്ന ജന്മം .
വീട്ടിൽ പരാതി നാട്ടിലും പരാതി
അവനങ്ങുപോയി അകലെയെങ്ങോ.
മൂർദ്ധാവിൽ ചുംബിച്ചു മുത്തശ്ശി ഓതി
അമ്മയെ നോക്കാൻ ഉള്ളു മതികാരണം
അമ്മയ്ക്ക് അമ്മ മാത്രം പകരം
അച്ഛന് പകരം അച്ഛനും മാത്രം
അവരാണ് ദൈവം അവരാണ് ഗുരു
അവരാണ് ജീവിത വഴിക്കാട്ടിയും
ഓർമ്മയിൽ മറക്കാത്ത പവിഴങ്ങൾ ഒളിപ്പിച്ച
മുത്തുച്ചിപ്പിയാണ് മാതാപിതാക്കൾ.

സാനിയ ലോബോ std 9

ചാരുത

# കുട്ടികളും മാങ്ങകളും

അതിമനോഹരമായ വീട്.വിലകൂടിയ വണ്ടികൾ. വ്യവസായ സ്ഥാപനങ്ങൾ. എല്ലാം ഉണ്ടായിട്ടും അയാൾക്ക് സ്വസ്ഥമായി ഉറങ്ങാനായില്ല. മനസമാധാനം തീരെ ഇല്ല അസ്വസ്ഥത മാത്രം എന്താ ഇതിനൊരു പരിഹാരം. അയാൾ നഗരത്തിൽ ഒഴിഞ്ഞ സ്ഥലത്ത് താമസിക്കുന്ന ഒരു ഗുരുവിനെ ചെന്നു കണ്ടു.ഗുരുവിനെക്കുറിച്ച് പലരും പറഞ്ഞ് അയാൾ അറിഞ്ഞിരിന്നു. പ്രഭാതത്തിൽ തന്നെ അയാൾ ഗുരുവിന്റെ അടുത്ത് എത്തി.

ഗുരു ആശ്രമത്തിന്റെ തിണ്ണയിൽ ഇരിക്കുന്നത് അയാൾ കണ്ടു. അയാൾ തന്റെ ആവലാതികൾ ഗുരുവിന്റെ മുമ്പിൽ അവതരിപ്പിച്ചു. എല്ലാം കേട്ടശേഷം സമ്പന്നനോട് ഗുരു ഇരിക്കാൻ പറഞ്ഞു എന്നിട്ട് ആശ്രമത്തിലെ ഒരു ബാലനെ ,അയാൾ അടുത്തേക്ക് വിളിച്ചു.

അടുത്തിരുന്ന താലത്തിൽ നിന്ന് ഒരു മാങ്ങ എടുത്ത് അവന് കൊടുത്തു. അവൻ വലത്കൈയിൽ മാങ്ങ വാങ്ങി. ഉടൻ തന്നെ ഗുരു
മറ്റൊരു മാങ്ങ കൊടുത്തു. അവൻ സന്തോഷത്തോടെ ഇടതു കൈയിൽ അതു വങ്ങി
.

ഗുരു മൂന്നാമത് ഒരു മാങ്ങകൂടി അവനു കൊടുത്തു. അതു വാങ്ങാൻ അവന് കൈയ് ഒഴിവുണ്ടായിരുന്നില്ല. എന്നാലും രണ്ടുമാങ്ങയും ചേർത്തു പിടിച്ച് മൂന്നാമത്തെ മാങ്ങ വാങ്ങാൻഅവൻ ശ്രമിച്ചു.അതോടെ എല്ലാ മാങ്ങയും താഴെ വീണ് ഉരുണ്ടു പോയി. മാങ്ങ മണ്ണുപറ്റി കേടാവുകയും ചെയ്തു. മാങ്ങ നഷ്ടപ്പെട്ടതു കണ്ട്കുട്ടിനിലവിളിച്ചുകൊണ്ടിരുന്നു. താഴെ വീണ മാങ്ങകൾ പൊതിഞ്ഞ് ഗുരു കുട്ടിക്ക് നൽകി.അവനെ യാത്രയാക്കിയ ശേഷം സമ്പന്നനോട് പറഞ്ഞു. "രണ്ടു മാമ്പഴം മതിയെന്ന് കുട്ടി തീരുമാനിച്ചിരുന്നെങ്കിൽ അവന് ഇപ്പോൾ

സങ്കടപ്പെടേണ്ടിവരുമായിരുന്നില്ല.അസ്വസ്ഥനാവുകയും വേണ്ട മനസ്സിനു തൃപ്തിവേണമെങ്കിൽ വീണ്ടും വീണ്ടും സമ്പാദിക്കണമെന്ന മോഹമ വേണ്ട . സ്വസ്ഥതവരും . സമാധാനം തേടി അലയുകയും വേണ്ട."

ഗുരു പറഞ്ഞത് സമ്പന്നന് മനസ്സിലായി . അദ്ദേഹം സന്തോഷത്തോടെയും സമാധാനത്തോടെയും ഗുരുവിന്റെ വാക്കുകളനുസരിച്ച് ജീവിക്കാൻ തുടങ്ങി .

ദേവപ്രിയ മേരി

ക്ലാസ് 9



# വിദ്യാലയം പ്രതിഭകളോടൊപ്പം

കേരള സർക്കാരിന്റെ നവകേരള മിഷന്റെ ഭാഗമായുള്ള പൊതുവിദ്യാഭ്യസസംരക്ഷണയജ്ഞത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഇത്തവണശിശുദിനത്തോടനുബന്ധിച്ച് വിദ്യാലം പ്രതിഭകളിലേക്ക് എന്ന പരിപാടി നടന്നുവരികയാണ്.

ഇതിന്റെ ഭാഗമായ് തൃക്കരുവ എസ്.എൻ. വി.എസ്.എച്ച്. .എസിൽ നിന്ന് തൃക്കരുവയുടെ പ്രിയ ഡോക്ടറായ ശ്രീ ചന്ദ്രശേഖരക്കുറുപ്പിന്റെ വീട്ടിൽ പ്പോയി അദ്ദേഹവുമായി സംസാരിക്കാനുള്ള അവസരം ലഭിച്ചു . കഴിഞ്ഞ 30 വർഷകാലമായി ആതുര സേവന രംഗത്ത് പ്രവർത്തിക്കുന്ന അദ്ധേഹം പാവങ്ങളുടെ ഡോക്ടർ എന്നാണറിയപ്പെടുന്നത് . കൂടാതെ പ്രശസ്ത നർത്തകിയായ ശ്രീമതി ശോഭ മധുവിനേയും ചാമ്പ്യൻ ശ്രീ രഘുനാഥനെയും ആയുർവേദ ഡോക്ടറും സ്കൂളിലെ പൂർവ വിദ്യാർത്ഥിയും കൂടിയായ ശ്രീ ടി.അനിൽ കുമാറിനെയും പൊന്നാട അണിയിച്ചു ആദരിക്കുകയും ചെയ്തു .










# ഒറ്റച്ചിറകുള്ള  പക്ഷി



ഇന്നുമെന്നോർമ്മയിൽ വാടാത്തപൂവായ്
വറ്റാത്തപുഴയായ് മായാത്ത കനവായ്
ആർദ്രമായ് എൻ നെഞ്ചിൽ കുളിർത്താളം
മന്ത്രിപ്പൂ മനസ്സിൻ ജാലക വാതിലിൽ
കനവിൽ വിരിഞ്ഞപുക്കൾതൻ നറുമണം
നിറഞ്ഞൊരാ ജിവിതം കൊതിച്ചു ഞാൻ
ഒറ്റച്ചിറകുള്ള പക്ഷിയായ് മാറിനാൾ
അർക്കൻതൻ രശ്മികൻ മണ്ണിൽ
പതിക്ച്ചേകനവിൽ ഓളങ്ങൾകരയെതഴുകചെ
എൻമനം എന്നോടു ഏറ്റുപറഞ്ഞനാൾ
നിറഞ്ഞൊുാ ജിവിതംകൊതിച്ചുഞാനൊ
രൊറ്റച്ചിറകുള്ള പക്ഷിയായ് മറിനാൾ



അഞ്ജലി . എ

ക്ലാസ്സ് 10

# കാവാലം നാരായണപ്പണിക്കർ

കുട്ടനാട്ടിലെ കാവാലം ഗ്രാമത്തിലെ പേരു കേട്ട ജന്മിത്തറവാട്ടിൽ വർഷങ്ങൾക്കു മുൻപ് ഒരു കുട്ടിയുണ്ടായിരുന്നു ..കുടുംബത്തിന്റെ വകയായ കൃഷിഭൂമിയിലെ കർഷകരോടും പാടത്ത് പണിയെടുക്കുന്നവരോടുമൊക്കെ സംസാരിക്കാനും അവരുടെ നാടൻപ്പാട്ടുകളും വാമൊഴികളും കേൾക്കാനും പാടവരമ്പുകൾ കടന്ന്. തേക്കു പാട്ടിന്റെയും ചക്രപാട്ടിന്റെയും ഈണങ്ങൾ അലച്ചെത്തുമ്പോൾ കുട്ടി ഉറങ്ങാതെ കാതോർത്തു കിടക്കുമായിരുന്നു. ആ ഈണങ്ങൾ കേൾക്കുമ്പോഴൊക്കെ വിരലുകൾ അറിയാതെ താളമിടുമായിരുന്നു . കുട്ടി വളർന്നു വലുതായി ജീവിതത്തിൽ പുതിയ വഴികൾ തേടി നാടുവിട്ടു. പുറത്തേക്കുപോയെങ്കിലും ആ മനസ്സിൽ




നിന്ന് തന്റെ ഗ്രാമം തന്ന കലയുടെ നാട്ടുവായ്ത്താരികൾ മാഞ്ഞു പോയില്ല . അതു കവിതയും സംഗീതവും നാടകവുമായി വളരുകയായിരുന്നു. അങ്ങനെ ആ ഗ്രാമത്തിന്റെ പേര് തന്നെ കലയുടെ പര്യായമായി ലോകത്തിന്റെ മുന്നിലെത്തുകയായിരുന്നു. കാവാലം നാരായണപ്പണിക്കർ എന്ന കവിയും ,നാടകാചാര്യനും ,ഗാനരചയിതാവും ,പാരമ്പര്യ കലകളുടെ പണ്ഡിതനമെല്ലാമായ മഹാപ്രതിഭ , സ്വന്തം ഗ്രാമത്തിന്റെ പേര് തന്റെ കലാസപര്യയുടെ പാതയിൽ ഒപ്പം ചേർത്തു .

ജോബിൻ തോബിയാസ്

S.T.D 10

# വനദേവത



നിലമ്പൂർപ്പുഴയിൽ
പാറക്കെട്ടിനുറ്റേരു തോഴിയായ്
പാടിപ്പോകും സ്വർണ്ണനദി
ഇന്നുമെൻ പ്രേമവാഹിനി !
നീണ്ടുരുണ്ടകരം പൊക്കിപന്തൽപ്പണികഴിപ്പവർ
ആവന്മരങ്ങൾക്കൂട്ടായിനിന്ന
വൻതറവാട്ടുകൾ സഹ്യാദ്രിച്ചെരു
വിൽക്കണ്ട പച്ചക്കുരുവി വീടുകൾ
അവീടെപ്പൊങ്ങി പരിഷന്മണ്ഡപം
ചന്ദ്രനണ്ഡലം വസന്തത്തിൽ
പറവകൾപാടിയ വനസീമയിൽനുകർന്നു കരളിൻ
ചുണ്ടാൽ തേൻകണം പൂതുക്കളം
ആറ്റവക്കിൽ - ഇളംതെന്നലിലൊട്ടുനാൾ .
ഊയലാടിക്കളിച്ചോരു
വനകന്യകയെങ്ങു പോയ് ?


സാനിയ ലോബോ

ക്ലാസ് 9



# മഹാവിണ്ഡിയായ കാക്ക

ഒരിടത്ത് ഒരിടത്ത് ഒരു മഹാവിണ്ഡിയായ കാക്കയുണ്ടായിരുന്നു.കാക്കമരത്തിൽഇരിക്കവേ പ്രാവുകളെല്ലാം താഴെ നിന്നു അരി മണികൾ  കൊത്തിത്തിന്നുന്നതുകണ്ടു .കാക്കയ്ക്ക് അസൂയതോന്നി. കാക്കനേരെ അവന്റെ കൂട്ടുകാർ താമസിക്കുന്ന ജമ്പുകാട്ടിൽപോയി .അപ്പോൾ അതാ കൂട്ടുകാർ കളിക്കുന്നു



അപ്പോൾ കാക്ക പഞ്ഞു "എല്ലവരും ഇങ്ങുവാ..."അപ്പോൾ കൂട്ടുകാർ വന്നു അപ്പോൾ കാക്ക പറഞ്ഞു

എനിക്ക് പ്രാവിന്റെ വേഷം കെട്ടിത്തരുമോ? കൂട്ടുകാർപറഞ്ഞു ശരി. അങ്ങനെ പ്രാവിന്റെ വേഷം കെട്ടി കാക്ക പ്രാവുകളുടെ  കൂട്ടത്തിൽ നിന്ന്അരിമണി പെറുക്കിതിന്നു തുടങ്ങി .അപ്പോൾ അതാ പ്രവിൻകൂട്ടം കരഞ്ഞു കീ..കീ...കീ .അതുകേട്ട് നമ്മുടെ കാക്കകുട്ടൻ കരഞ്ഞു കാ...കാ... കാ... അപ്പോൾ പ്രാവുകൾക്ക് മനസ്സിലായി ഇവൻ പ്രാവല്ല നമ്മുടെ വേഷം കെട്ടി നടക്കുന്ന കാക്കയാണ് എന്ന് അപ്പോളതാ പ്രാവിൻകൂട്ടം കാക്കയെ  കൊത്തി സഹിക്ക വയ്യാതെ  കാക്കകരഞ്ഞു  കൊണ്ട് ജമ്പുകാട്ടിലേക്ക് പറന്നു പോയി .



**അക്ബർ ഷാ**

**ക്ലാസ് 7**

# വേട്ടക്കാരനും കാട്ടുകുതിരയും

ഒരു വനത്തിന്സമീപത്തുള്ള ഒരു കുതിരയും പന്നിയും ജിവിച്ചിരുന്നു. എല്ലാ വിധത്തിലും കുതിരയെ ഉപദ്രവിച്ചു കൊണ്ടിരുന്ന കുതിരക്ക് തിന്നാനുള്ള ആഹാരം നശിപ്പിക്കുക.വെള്ളംകുടിക്കുന്നസമയത്ത്അരുവിയിലെ വെള്ളംകലക്കുകഇങ്ങനെഎല്ലാം.പന്നികുതിരയെശല്യപെടുത്തിയിരുന്നു.അങ്ങനെയിരിക്കെ ഒരുവേട്ടക്കാരൻ അതുവഴിവന്നു .കുതിര വേട്ടക്കാരനോട് പറഞ്ഞു പന്നിയുടെശല്ല്യം ഒന്നു ഒഴിവാക്കി തരണമെന്ന് അപേക്ഷിച്ചു.

വേട്ടക്കാരൻസമ്മതിച്ചു ,എന്നാൽഒരുവ്യവസ്ഥയുണ്ട്,അതായത് കുതിര തന്റെമേൽ കടിഞ്ഞാൺ ഇടാനും ജീനികെട്ടാനും വേട്ടക്കാരനെ അനുവദിക്കണം.എന്തെങ്കിലുമാകട്ടെപന്നിയുടെശല്യത്തിൽനിന്നുംരക്ഷപെടാമല്ലോ? കുതിരസമ്മതിച്ചു ഉടൻ തന്നെ വേട്ടകാരൻ കുതിരയുടെപുറത്ത് ജീനികെട്ടി കടിഞ്ഞാൺകൈയിലെടുത്ത്കുതിരയുടെപുറത്തുകയറിഇരുന്നു.കുതിരപുറത്തുരുന്ന്അമ്പ് യ്തുവിഴ്ത്ച്ചുകയുംചെയ്തു.പന്നിവധിക്കപെട്ടതിൽകുതിരസന്തോഷിച്ചു.അത് വേട്ടക്കാരനോടുനന്ദിപറഞ്ഞു. ജീനിയുംകടിഞ്ഞാണും എടുത്ത്മാറ്റാൻ കുതിര ആവശ്യപ്പെട്ടു. എന്നാൽ വേട്ടക്കാരൻഅതുസമ്മതിച്ചില്ല. കുതിരയെ അയ്യാൾ തന്റെവീട്ടിലോട്ട്പായിച്ചു അതിനെതന്റെലായത്തിൽ കെട്ടിയിട്ടു.കഴിക്കാൻവൈക്കോലും ഒരുപാത്രത്തിൽ കുറച്ചു വെള്ളവും വെച്ചുകൊടുത്തു .

എന്നാലുംകാട്ടിൽ സ്വതന്ത്രമായിജീവിച്ചുശീലിച്ചകുതിര സന്തുഷ്ട്ടനായിരുന്നില്ല. അവന് വോണ്ടത് സ്വാതന്ത്രമായിരുന്നു എന്നാൽ അവന് അത്ഒരിക്കലും തിരിച്ചുകിട്ടുകയില്ല അതുമനസ്സിലാക്കിയകുതിര ആകെ വിഷമിച്ചു. പക്ഷേ എന്തു ചെയ്യാൻഒരുമാർഗ്ഗവുമില്ല അനുഭവിക്കുക തന്നെ.



പ്രജീഷ്.പി

S.T.D VIII

# ബാല്യകാലം

ഓണനിലാവിന്റെ പുടവയുടുക്കുന്ന
പുലരിതൻ ചുബനം ബാല്യകാലം.
കുയിലിന്റെ നാദത്താൽ കുളിരണിഞ്ഞിടുന്ന
കറകപ്പൽ നാമെന്ന ഓർത്തുപോയ്.
ഞാൻ ഒരുകുഞ്ഞ് കാറ്റൊന്ന്
വീശുന്ന നേരത്ത് അറിവിന്റെ പൂമഴ നീതന്നുവോ.
മുത്തശ്ശിയാവെന്റെ വേദിനിതന്നുടെ
ഹൃദയത്തിൽ മയങ്ങിടും.
നേരത്ത് പിതൃസ്ഥാനമേൽക്കുന്ന സൂര്യന്റെ
ശക്തമാം കരങ്ങളുമെങ്ങുപോയി?
ഓർത്തിടും ഞാനി ബാല്യകാലത്തിനെ
മറക്കില്ല ഞാനീ പുതുവർണ്ണങ്ങളെ.



അതുല്യ എസ്



ക്ലാസ് 10

ചാരുത

# ഓർമകളിലൂടെ

എന്നും കൂടെ കൊണ്ട് നടക്കാൻ പറ്റിയ കുറേ ഓർമ്മകൾ നിറഞ്ഞതാണ് നമ്മുടെ ബാല്യകാലം. അതിൽ ഏറ്റവും കൂടുതൽ നമ്മുടെ സ്കൂൾ ജീവിതവുമായി ബന്ധപ്പെട്ടതായിരിക്കും. അത് അറിയാൻ നമ്മുടെ സ്കൂൾ ജീവിതം അവസാനിച്ച് കുറേ കഴിയും. നമ്മുക്ക് ഒരിക്കലും തിരിച്ചുകിട്ടാത്ത ഒന്നാണ് ബാല്യകാലം.

എന്റെ ബാല്യകാലം മുഴുവനും എന്റെ വീടും ഈ വിദ്യലയവും ആയിരുന്നു. ഞാൻ s.n.v.s.h.s ൽ വിദ്യഭ്യാസം ആരംഭിക്കുന്നതിന് വാപ്പയുടെ കൈപിടിച്ച് വരുന്നത് 6-ാം ക്ലാസ്സിൽആണ്. ഇംഗ്ലീഷ്അക്ഷരങ്ങളിടെ p ,q  തിരിച്ചറിയാനുള്ള അറിവ് പോലും അന്ന് ഇല്ലായിരുന്നഎനിക്ക്. പിന്നീട് ക്ലാസ്സിൽ ഏറ്റവും നന്നായി പഠിക്കുന്ന കുട്ടികളിൽ ഒരാളായി പിന്നെ ക്ലാസ്സിൽ ഒന്നാമതായി സമ്മാനം നേടി. അതിനുകാരണം ഈ സ്കൂളിലെ എന്റെ അല്ല  നിങ്ങളുടെയും അധ്യപകരുടെ കഴിവ് തന്നെയാണ്. പ്രത്യേകിച്ച് യു. പി ക്ലാസ്സുകളിൽ പഠിക്കുന്ന ടീച്ചേഴ്സ്. ഈ ക്ലാസ്സുകൾ കഴിഞ്ഞാണല്ലോ വലിയ H.S ക്ലാസ്സിലേക്ക് വരുന്നത്.




2003- ൽS.S.L.C കഴിഞ്ഞ് 12 വർഷത്തിന് ശേഷം എന്റെ മകനെ 5-ാംക്ലാസ്സിൽ ചേർക്കുന്നതിന് വേണ്ടി പ്രവേശനോത്സവത്തിന്റെ അന്ന് വരുപമ്പോൾ ഞാൻ അറിയാതെ ആ പഴയ 6 -ക്ലാസ്സ്കാരിയായിമാറി. എന്റെ രണ്ട് മക്കളെയും ഈ സ്കൂളിൽ ചേർക്കാനുള്ള കാരണം തന്നെ എനിക്ക് കിട്ടിയ അധ്യാപകരെ അവർക്കും കിട്ടണം എന്ന ഭാഗ്യമായി ഞാൻ കരുതുന്നു.

നമ്മുടെ മാതാപിതാക്കളോട് മോശമായി ഒരു വാക്ക് പറഞ്ഞാൽ അത് അവരുടെ ഹൃദയത്തിൽ ആയിരം സർപ്പം ഒരുമിച്ച് കൊത്തുന്ന വേദന ഉണ്ടാക്കും എന്ന് പഠിപ്പിച്ച ഗിരീഷ് സർ ഈശ്വരൻ എവിടെ ? എന്ന ചോദ്യത്തിന് ഒരു റോസാപ്പൂവിന്റെ ഏത് ഇതളിൽ നിന്നാണ് അതിന്റെ യഥാർത്ഥ മണം അറിയുവാൻ കഴിയുന്നത് എന്ന് പറഞ്ഞാൽ ഈശ്വരൻ എവിടെ എന്ന് പറയാൻ കഴിയും. എന്ന് പറഞ്ഞ് തന്ന സാബു സർ, First impression is the best impression എന്ന് പറഞ്ഞു മനസ്സിലാക്കി തന്ന ഷീബ ടീച്ചർ, ജീവിതം ഒരു കണക്കുകൂട്ടൽ ആണ് എന്ന് പഠിപ്പിച്ച സീന ടീച്ചർ ഇവരൊക്കെ എപ്പോഴും ജീവിതത്തിലെ പ്രചോദനങ്ങളാണ്.


എന്റെ ഉയർച്ചയിലും വീഴ്ചയിലും ഒരു കൈ താങ്ങായി , ഞാൻ ഓടിവരുമ്പോൾ എന്നെ ചേർത്ത് പിടിക്കുന്ന എന്റെ വിദ്യാലയത്തിലെ എല്ലാ അധ്യാപകർക്കും എന്റെ മാതാപിതാക്കൾക്ക് ഒപ്പം തന്നെയാണ് സ്ഥാനം. എന്റെ വിദ്യാലയത്തിനെയും ഇവിടുത്തെ എന്റെ ഗുരുക്കൻമാരെയും കുറിച്ച് എത്ര എഴുതിയാലും പറഞ്ഞാലും തീരത്തുമില്ല, മതിവരുകയില്ല എനിക്ക്. പുസ്തകത്തിലെ പാഠഭാഗങ്ങൾ മാത്രമല്ല നമ്മുടെ അധ്യാപകർ പകർന്നു തരുന്ന മറ്റ് അറിവുകൾ കൂടി നാം ജീവിതത്തിൽ കൂടി പകർത്താൻ ശീലമാക്കണം. എങ്കിൽ മാത്രമെ നമ്മൾ നല്ല ഒരു വിദ്യാർത്ഥി ആവുകയുള്ളൂ. എന്റെ മക്കൾ ഉൾപ്പെടെയുള്ള ഈ വിദ്യാലയത്തിലെ എല്ലാ കൂട്ടുകാർക്കും എല്ലാ വിധ ഉയർച്ചയും ഉണ്ടാകട്ടെ എന്നതിലുപരി ഓരോ കുട്ടിയും നല്ല വ്യക്തികളായിമാറട്ടെ എന്ന് പ്രാർത്ഥിക്കുന്നു.



shajitha S
പൂർവ്വവിദ്യാർത്ഥി



# ക്വിസ്സ്



1. എല്ലാനിറങ്ങളെയും ആഗിരണം ചെയ്യുന്ന വർണ്ണം ?
   കറുപ്പ്
2. ഇലക്ട്രോൺ കണ്ടുപിടിച്ചത് ആര്?
   ജെ. ജെ തോംസൺ
3. ഒരിലമാത്രമുള്ള ചെടി?
   ചേന
4. മരച്ചീനിയിൽ അടങ്ങിയിരിക്കുന്ന ആസിഡ്?
   ഹൈഡ്രോസയനിക് ആസിഡ്
5. പെയിന്റ്സ് ലേഡി എന്നറിയപ്പെടുന്ന
   ജീവി?
   ചിത്രശലഭം
6. രക്തം കട്ടപിടിക്കാൻ സഹായിക്കുന്ന
   വൈറ്റമിൻ?
   വൈറ്റമിൻ k
7. ഒച്ചിന്റെ രക്തത്തിന്റെ നിറം ?
   നീല
8. ഒച്ചിന് എത്ര കാലുണ്ട്?
   ഒന്ന്
9. മത്സ്യ ഹൃദയത്തിലെ അറകൾ എത്രയുണ്ട്?
   രണ്ട്
10. വാലിൽ വിഷമുള്ള ജീവി ?
    തേൾ

11. ഒരു കണ്ണ് മാത്രം അടച്ചുവക്കുന്ന ജീവി ?

ഡോൾഫിൻ


12. ഇലയില്ലാത്ത സസ്യം ?

മുടില്ലാത്താളി

13. വാലില്ലാത്ത ഉഭയജീവി?

തവള

14. ഇലകളിൽ ആഹാരം സംഭരിച്ചുവയ്ക്കുന്ന



ഒരു സസ്യം ?

കാബേജ്

15. തേയിലയിൽ അടങ്ങിയിരിക്കുന്ന ആസിഡ്?

ടാനിക് ആസിഡ്

16. പൂക്കളെക്കുറിച്ചുള്ള പഠനം ?

ആന്തോളജി

17. സൂര്യനിൽ ഏറ്റവും അധികം കാണപ്പെടുന്ന മൂലകം ?

ഹൈഡ്രജൻ

18. പ്രകൃതിയുടെ കലപ്പ എന്നറിയപ്പെട്ട

ന്നത്?

മണ്ണിര

19. പക്ഷികളുടെ ഹൃദയത്തിൽ എത്ര അറകൾ ഉണ്ട്?

4

20. ഹീമോഗ്ലോബിൽ അടങ്ങിയിരിക്കുന്ന

ലോഹം ?


ഇരുമ്പ്

21. തേനീച്ച വളർത്തലിനെ ഏത് പേരിലറിയപ്പെടുന്നു ?

എപ്പികൾച്ചർ

22. പാറ്റയുടെ രക്തത്തിന്റെ നിറം ?

നിറമില്ല



23. ഷഡ്പദങ്ങളെ കുറിച്ചുള്ള പഠനം ?

എന്റമോളജി

24. മണ്ണിരയുടെ ശ്വസന അവയവം ?

ത്വക്ക്

25. പാമ്പിന്റെ വിഷത്തിന്റെ നിറം ?

മഞ്ഞ

26. കൂട് നിർമിക്കുന്ന പാമ്പ് ?

രാജവെമ്പാല

27. ശബ്ദമുണ്ടാക്കുന്ന പാമ്പ് ?

മൂർഖൻ

28. തലയിൽ ഹൃദയമുള്ള ജീവി ?

ചെമ്മീൻ

29. ഓന്തിനെപോലെ നിറംമാറുന്ന കടൽ ജീവി ?

നീരാളി

30. കണ്ണടയ്ക്കാതെ ഉറങ്ങുന്ന ജീവി

മത്സ്യം

സാനിയ ലോബോ

**S.T.D 9**

# ശാസ്ത്രജ്ഞന്മാർ


## ഏണസ്റ്റ് റൂഥർ ഫോർഡ്



Ernest Rutherford
(1871-1937)

1871 ആഗസ്റ്റ്30 ന് ന്യൂസിലാന്റിൽ ജനിച്ചു. ന്യൂക്ലിയർ ഫിസ്സിന്റെ പിതാവായി അറിയപ്പെട്ടു. ഓക്സിജന്റെ ഐസോടോപ്പ് നിർമ്മിച്ചത് റൂഥർ ഫോർഡാണ്. നിർണ്ണായകമായ ഒരു പരീക്ഷ ണത്തിലൂടെ നൈട്രജൻ വാതകത്തിൽ ആൽഫാ കിരണങ്ങൾ ഇടിപ്പിച്ചാണ് ഇത് സാധ്യമാക്കിയത്. 1908 ൽ രസതന്ത്രത്തിനു ള്ള നോബൽ സമ്മാനവും ലഭിച്ചു . 1937 ലായിരുന്നു റൂഥർ ഫോർഡിന്റെ അന്ത്യം .

## ജോൺ ഡാൽട്ടൺ



1766 സെപ്റ്റംബർ 6 ന് ഇംഗ്ലണ്ടിൽ ജനിച്ച ജോൺ ഡാൽട്ടൺ . ഭൗതിക ശാസ്ത്രത്തിന് നിരവധി സംഭാവനകൾ നൽകി . വിവിധ വാതകങ്ങളുടെയും മിശ്രിതം ചെലുത്തുന്ന മർദ്ദം ഓരോ വാതകവും ചെലുത്തുന്ന മർദ്ദത്തിന്റെ ആകെത്തുകയാണെന്ന് അദ്ദേഹം കണ്ടെത്തി കാലാവസ്ഥ ശാസ്ത്രമായിരുന്നു ഡാൽട്ടന്റെ മറ്റൊരു പഠനമേഖല . വായുവിന്റെ മർദ്ദം കൂടുമ്പോൾ താപമാനത്തിലുണ്ടാകുന്ന വർധനം ആദ്യമായി ചൂണ്ടികാട്ടിയത് അദ്ദേഹമായിരുന്നു. 1844 ൽ അദ്ദേഹം അന്തരിച്ചു.


## ടോറിസെല്ലി



1608 ഒക്ടോബർ 15 ന് ഇറ്റലിയിൽ ജനിച്ചു 1624 ൽ ഒരു ജെ സ്യൂട്ട് കോളേജിൽ വെച്ച്ഗണിത ശാസ്ത്രവും തത്വശാസ്ത്രവും പഠിച്ചു .പ്രസിദ്ധ ഭൗതികശാസ്ത്രജ്ഞനും ഗണിത ശാസ്ത്രജ്ഞനുമായിരുന്ന ടോറിസെല്ലി . ബാരോമീറ്റർതത്വമാണ് അദ്ദേഹത്തിന്റെ കണ്ടു പിടിത്ത ങ്ങളിൽ മുഖ്യം . തന്റെ 39-ാം വയസിൽ 1647 ഒക്ടോബർ 25-ന് ടൈ ഫോയിഡ് ബാധിച്ച് അദ്ദേഹം മരിച്ചു.

## മൈക്കിൽ ഫാരഡെ

വൈദ്യുതിയുടെ പിതാവ് എന്നറിയപ്പെടുന്ന ഇംഗ്ലീഷ് ശാസ്ത്രജ്ഞനാണ് മൈക്കിൽ ഫാരഡെ (1791 സെപ്റ്റംബർ 22-1867 ഓഗസ്റ്റ്25) .




വൈദ്യുതി കൃത്രിമമായി ഉൽപ്പാദിപ്പിദിപ്പിക്കുവാനുള്ള വഴി കണ്ടെത്തിയഫാരഡെയാണ് ഇന്നുലോകത്തുള്ള എല്ലാ അത്യന്താനികകണ്ടുപിടിത്ത ങ്ങൾക്കും നാന്ദ കുറിച്ചത് എന്നു പറയാം .സാറയായിരുന്നു ഭാര്യ .

വൈദ്യുതകാന്തികത്, വൈദ്യുതരസതന്ത്രം എന്നി മേഖലകളിൽഇദ്ദേഹം ധാരാളം സംഭാവനകൾ നൽകിയിട്ടുണ്ട് .വൈദ്യുത കാന്തിക ഇൻഡക്ഷൻ, ഡയാമാഗ്നറ്റിസം, ഇലക്ട്രോലൈസിസ് എന്നീ മേഖലകളിലെ ഇദ്ദേഹത്തിൻെറ കണ്ടുപിടിത്തങ്ങൾ എടുത്തു പറയുന്നവയാണ്.



## ആർക്കമെഡീസ്


ബി.സി 287 മുതൽ 212 വരെ ഗ്രീസിൽ ജീവിച്ചിരുന്ന പ്രസിദ്ധഗണിത ശാസ്ത്രജ്ഞനും ഉപജ്ഞാതാവുമായിരുന്ന

ആർക്കമെഡീസ്. ഗണിത ശാസ്ത്രജ്ഞൻ ആർക്കമെഡീസ് നിരവധി പരീക്ഷണങ്ങൾ നടത്തിയിരുന്നു. നിത്യ ജീവിതത്തിൽ ആവശ്യമായ ചെറുതും വലുതുമായ പല ഉപകരണങ്ങളും അദ്ദേഹം കണ്ടെത്തി. മണലിൽ ഒരു ചിത്രം വരച്ചു കൊണ്ടിരിക്കുമ്പോഴാ.ിരുന്ന റൊമൻ സൈനികർ അദ്ദേഹത്തെ കുത്തി കൊലപ്പെടുത്തിയത്.

അരിസ്റ്റോട്ടിൽ

(ജനനം -ബി .സി 384 സ്റ്റാഗിറയിൽ (മാസിഡോമിയ )

മരണം -ബി .സി 322)



പ്രമുഖചിന്തകനും ,ദർശനിയും സാഹിത്യവിമർശന പ്രസ്ഥാന ജനയിതാവുമായഅരിസ്റ്റോട്ടിൽ പ്ലേറ്റോയുടെ ശിഷ്യനായിരുന്നു. 'ലൈസിയം' എന്നവിദ്യാകേന്ദ്രത്തില്അദ്ധ്യാപകനായിഇന്ദ്രിയ ഗോചതമായപ്രപഞ്ചത്തിൽ വിശ്വസിക്കുന്ന ഒരുശാസ്ത്രജ്ഞനായിരുന്ന അരിസ്റ്റോട്ടിൽ .



സൂര്യ എസ്

ക്ലാസ് 9

# രണ്ടു ചങ്ങാതിമാർ

രണ്ടു കൂട്ടുകാർ ഒരു കാട്ടിലൂടെ നടക്കുകയായിരുന്നു കുറച്ചുദൂരം ചെന്നപ്പോൾ അല്പം അകലെയായി പാതയുടെ ഒരു വശത്ത് ഒരനക്കം കേട്ടു.രണ്ടു പേരും പെട്ടന്ന് നിന്നു.അവരുടെ പിന്നിൽ ഒരു കരടി ! അത് അവരുടെ നേർക്ക് കുതിച്ചുവരുകയായിരുന്നു.ഇരുവരും ഭയന്നു വിറച്ചു എന്താണു ചെയ്യുക?



ഒരാൾ പിറകോട്ട് ഓടി ഒരു മരത്തിൽ കയറി ഇരിപ്പുറപ്പിച്ചു.മറ്റേയാളാകട്ടെ ഒറ്റക്കായി.പേടിച്ചു വിറച്ചുകൊണ്ടിരുന്ന അവന് ഒരു ബുദ്ധി തോന്നി.നിലത്തുവീണ് ചത്തപോലെ കിടക്കുക എന്ന്.വിദ്യ ശരിക്കും ഫലിച്ചു.കരടി അടുത്തു ചെന്നു അവനെ മണപ്പിച്ചു നോക്കി.അവൻ അനക്കമില്ലാതെ ശ്വാസം പിടിച്ചു കിടക്കുകയായിരുന്നു.

കരടിയാവട്ടെ അത് ഒരു ശവമെന്നു കരുതി പെട്ടന്നു തന്നെ അവിടം വിട്ടുകയും ചെയ്തു.കരടി പെയ്ക്കഴിഞ്ഞപ്പോൾ മരത്തിൽ കയറിയിരുന്ന കൂട്ടുകാരൻ ഇറങ്ങി വന്നു.ചെറചിരിയോടെ അവൻ ചോദിച്ചു. എന്താണ് കരടി നിന്റെ ചെവിയിൽ പറഞ്ഞത്

അതോ ? (പാതയിൽ എഴുന്നേറ്റിരുന്ന അവൻ തുടർന്നു)


ആപത്തിൽ സഹായിക്കാത്തവരെ വിശ്വസിക്കരുത് എന്ന്. സുഹൃത്തിന്റെ മറുപടി കേട്ട് അവൻ ലജ്ജിച്ചുപോയി.



ശ്രീജ എസ്

ക്ലാസ് 9

# അമ്മ



താരാട്ട് പാടി ഉറക്കുമമ്മ
താമരമൊട്ടുപോൽ മൃദുലമമ്മ
അമ്മയ്ക്കു പൊരുളായി സ്നേഹവും
പിന്നെ വിണ്ണിലെ മാലാഖയും.
കുട്ടിക്കഥകൾ പറയുമമ്മ
എന്നെമാറോട് ചേർക്കുമമ്മ
പഞ്ചാരയുമ്മ തന്നിടുമമ്മ
തേൻ പോലെ മൃദുലമാം
വാക്കുകൾക്കൊണ്ടന്നിൽ
ദീപമായിതിളങ്ങിടുമമ്മ
അമ്മതൻചക്കരവാക്കിൽ
ഞാൻ എന്നുംമയങ്ങും......
അമ്മയുടെ ചെറുപുഞ്ചിരിയിൽ
ഞാൻമനം ശാന്തമാകും
ശ്വാസമായി ജീവനായി
എന്നെ ഞാനാക്കിടുമമ്മ
ചന്ദനക്കുറിനെറ്റിയിൽതൊട്ട്
മാറിൽ മരതകമാലയണിഞ്ഞ്
എന്നെതാരാട്ടുപാടി
ഉറക്കുമമ്മ.........



സുധീഷ് എസ്
ക്ലാസ് 10

ചാരുത

# നോവോർമ്മയുടെ മധുരം

ഒരു ദിവസം എന്നോട് ടീച്ചർ പറഞ്ഞു ഒരു ചെറിയ കഥയെഴുതാൻ.എന്നോട് മാത്രമല്ല എന്റെ കുറെ ഫ്രണ്ട്സിനോടും.ഞാൻ അറിഞ്ഞിരുന്നില്ല ഇതൊരു മധുരമാണെന്ന്.ഒരു ക്ലാസ് മുറിയിൽ ഞാനും എന്റെ കുറെ ഫ്രണ്ട്സും.ടീച്ചർ എല്ലാവർക്കും ഒരു പേപ്പറും പേനയും നൽകി.ഞാൻ ടീച്ചറിന്റെ മുഖത്തേക്ക് ഒന്നു ഒന്നു നോക്കി.ടീച്ചർ എന്നെതന്നെയായിരുന്നു നോക്കിയിരുന്നത്.അത്ഞാൻ അറിഞ്ഞിരുന്നില്ല.കാരണം എന്തെന്നാൽ എല്ലാവരും കഥയെഴുതാൻ തുടങ്ങി.



ഞാൻ മാത്രം എന്തൊക്കയോ നോക്കിയിരിക്കുകയായിരുന്നു.എന്ത് എഴുതണമെന്ന് അറിയാതെ ചിന്തിച്ചിരുന്നു ഞാൻ.പെട്ടെന്ന് എന്റെ മനസ്സിൽ ഒരു ആശയം തോന്നി.എന്തൊന്ന് ആയിരിക്കും നിങ്ങൾ ചിന്തിക്കുന്നത്.ഞാനെന്റെ പത്താം ക്ലാസിലെ കുറെ നിമിഷങ്ങൾ ചേർത്തൊരു ചെറുകഥയുണ്ടാക്കി അത് ഒരു കഥയൊന്നു പറയാൻ കഴിയില്ല.എന്റെ സ്വന്തം ജീവിതത്തെക്കുറിച്ചാണ്.

എന്റെ ജീവിതത്തിലെ ആ നിമിഷങ്ങൾ ഞാനൊന്നു പിറകിലോട്ട് കറക്കുകയാണ്.കുറച്ചുനാളുകൾക്ക് മുമ്പ്.എന്റെ ജീവിതത്തിലെ സന്തോഷംവും സങ്കടവും നിറഞ്ഞജീവിതം.ഞാനറിഞ്ഞിരുന്നില്ല ഇങ്ങനെയൊരു നിമിഷങ്ങൾ ഞങ്ങളെ കാത്തിരിക്കുന്നു എന്ന്.എന്നെ ചിരിപ്പിക്കാനും കരയിപ്പിക്കാനും കുറെ ചങ്കുകളുണ്ടായിരുന്നു.എന്റെ ഓരോ നിമിഷങ്ങളും

വളരെ വിലപ്പെട്ടതാണ്.ഏതു പ്രശ്നത്തിലും കൂടെ കാണും.കരയുമ്പോൾ കണ്ണീര് ഒപ്പാൻ.ചിരിക്കുമ്പോൾ കൂടെ ചിരിക്കാൻ.ഉണ്ണുമ്പോൾ കൈയിട്ട് അളിച്ചുവരാൻ നിങ്ങളെ പോലൊരു ചങ്കുകളുണ്ടെങ്കിൽ പിന്നെ ഞാൻ എന്തിനു ദുഖിക്കണം.



ജീവിതത്തിൽ നാം എപ്പോഴെങ്കിലും ഒറ്റയ്ക്ക് ആകുന്നു എന്ന് തോന്നാറുണ്ടോ? ഒന്ന് ചിന്തിച്ച്നോക്ക്.എന്നാൽ എനിക്കും തേന്നാറുണ്ട്.അപ്പോൾ എന്റെ മനസ്സിൽ ആദ്യം ഓടിയെനത്തുന്നത്.ജീവിതത്തിൽ ഒറ്റയ്ക്ക് ആകുമ്പോൾ ആരും ഇല്ലെന്നതോന്നലുണ്ടാകുമ്പോൾ.ഓർക്കുക കൈ പിടിച്ചുയർത്താൻ കുറെ ചങ്ക് തെണ്ടികളുണ്ടെന്ന്.എന്നാൽ സന്തോഷം തന്ന നിമിഷങ്ങൾ എന്നിൽ നിന്നും എന്ന് എന്നേക്കാക്കുമായി അകലുകയാണ്.ഇനി ഏതാനും ചില ദിവസങ്ങൾ മാത്രം ഓരോ ദിവസം പോകുന്നതനുസരിച്ച് ഞങ്ങൾ ഒരോരുത്തരും അകന്നു പോവുകയാണ്.

എന്റെ ഈ പത്താം ക്ലാസിലെ കുറെ നിമിഷങ്ങളിൽ ലോകം എന്നെ കുറെ പഠിപ്പിച്ചു തരുകയും ചെയ്തു.ഒരിക്കലും മറക്കാൻ പറ്റാത്ത നിമിഷങ്ങൾ സമ്മാനിച്ച് എന്റെ ജീവിതം എന്റെ കൈയിൽ നിന്നും തെന്നിമാറുകയാണ്.ഇനി ഈ കുറച്ചു മാസങ്ങളിൽ ഞാനെന്റെ സങ്കടങ്ങൾ മറന്ന് സന്തോഷത്തിലേക്ക് പറന്നുയരുകയാണ്.എന്റെ സൗഹൃദം.ആരും പറയാത്ത കഥ പോലെ ആരും കാണാത്ത സ്വപ്നം പോലെ എന്നും മായാതുണരുന്നതാവട്ടെ നമ്മുടെ സൗഹൃദം.ഇത്രയും നല്ല നിമിഷങ്ങൾ സമ്മാനിച്ച എന്റെ പുതുവർഷത്തിലെ നടവഴികളിലൂടെ ഞാൻ യാത്രയാവുകയാണ്.......

**ശ്രീന എസ്**

**ക്ലാസ് 10**

## മടക്കം



കാത്തു കാത്തു കാത്തിരുന്നു
കണ്ണുകഴച്ച കൺമണി
വർഷാവസാനം കയ്യിലെത്തും
ഞങ്ങളുടെ തേൻമണി
നീഞങ്ങളുടെവഴികാട്ടി
കുസൃതിനിറയെ നിറച്ചിട്ടുന്നോരു
അറിവുകളേറെ പകർന്നിട്ടുന്നൊരു
അറിവിൻ തോട്ടവുമുണ്ടല്ലോ
നിന്റെചെപ്പ്തുറന്നിട്ടുമ്പോൾ
ച്ചെപ്പുനിറയെമുത്തുകൾ
മനംനിറയ്ക്കും കഥകളും

ആദിത്ത്യൻ .എ

S.T.D: X

## എന്റെ പ്രകൃതി

ഞാൻ ജനിച്ച പ്രകൃതി
ഞാൻ കളിച്ച പ്രകൃതി
എന്റെ സുന്ദരമായ പ്രകൃതി
എന്റെയും നിങ്ങളുടെയും പ്രകൃതി
നശിപ്പിക്കാൻ ആവില്ല
ഈ പ്രകൃതി

ധനലക്ഷ്മി



# തിരിച്ചറിവ്

എന്നിലെ വായനയുടെ മരണം
തിരിച്ചറിഞ്ഞപ്പോഴേക്കും എല്ലാം
കടന്നു പോയിരുന്നു.
തിരിച്ചുകയറാൻ കഴിയാത്ത
കയത്തിൽ ചുറ്റിത്തിരിയുന്നു
തിരികെ എത്തുവാൻ മോഹിച്ച
ഞാൻ അലയിൽ ചുഴിയിൽ
വട്ടം തിരിയുന്നു .
ഒരു കച്ചിത്തുരുമ്പ് കിട്ടുവാൻ
അലയുന്ന ഞാൻ .......
അകലെ ....... അകലെ .......
അത് കാണുന്നുവോ ..........
മനക്കരുത്താർജ്ജിക്കുവാൻ
കഴിയുമോ .......... നേടുമോ.......
മുന്നിൽ ഒരുപിടി ചോദ്യശരങ്ങൾ
ഉറച്ച മനസ്സുമായി ഇന്ന് ഞാൻ .......
മകളുടെ ബാലപാഠങ്ങളിൽ ഊളിയിട്ടു.



നെജ്മുദ്ദീൻ
ക്ലാസ് 10

# വർണ്ണ പക്ഷി

മറവി തൻ വാതിലടഞ്ഞു.
ഓർമ്മതൻ മിഴികൾ തുറന്നു ....
പാതി പാടി മറന്നൊരാ പാട്ടുകൾ
വീണ്ടും മനോവീണയിൽ ഉണർന്നു .
മധുരസ്മരണകൾ വന്നണഞ്ഞു
അവൾ വീണ്ടും അതിൽ കേളിയാടി .
വിഷാദം തന്നെ പിന്തുടരുന്നുവെങ്കിൽ
എന്തിനാണീ നിർബന്ധ ജീവിതം ?
ഇനിയും ആ സ്മരണകളിൽ ജീവിക്കുവാനാണോ
അന്ധകാരം വിഴുങ്ങിയ തന്റെ ഈ ജീവിതം
ഉത്തരമില്ലാത്ത ഈ ചോദ്യങ്ങൾക്കൊ-
രുത്തരം  തേടുന്ന ഒറ്റച്ചിറകുള്ള ആ പക്ഷി.
ഏഴരവെളുപ്പിനുണർന്നു  കുതിച്ചുയരും
അവളുടെ ജീവിതം ഏഴുവർണ്ണങ്ങളും തഴുകും
അവളുടെ ജീവിതം വിവർണമായ്
ഒരു കൊടുങ്കാറ്റ് ചിതച്ചുരുൾ പോലെ
ഇന്നും അവളെ പിന്തുടർന്നു .
തൻ ചുടു ദേഹത്തോടുചേർത്തുപിടിച്ച്
ആ വർണ്ണപക്ഷി പറന്നുയർന്നു .





*റസീന എസ്*

*ക്ലാസ് 10*

# വിട

ഓർക്കുന്നു ഞാനെൻ ബാല്യം
ഓർക്കുന്നു ഞാനെൻ കളിത്തോഴനെ
വയലിൻ വരമ്പത്തോടിക്കളിച്ച
ഞാനെൻ ഉറ്റ ചങ്ങാതിയുടെ
കൈകൾ കോർത്തു പിടിച്ച്
കാട്ടിലും മേട്ടിലും മലയിലും .
മഴയിലും കൈകോർത്തു ഞങ്ങൾ
ആടിപ്പാടികളിച്ച കാലം .
കാലത്തിൻ വേഗത്തിൽ മാഞ്ഞു-
പോയെൻ പ്രിയ തോഴന്റെ മുഖം
വിടപറഞ്ഞകലുന്നു .
ഞാനെന്റെ ചങ്ങാതിയെ വിട്ട്
എന്റെയെല്ലാ
ഓർമ്മകളേയും മായ്ച്ച്
തിരിച്ചുവരില്ല ഞാൻ
യാത്രയാവുകയായി
പിരിയുമ്പോൾ പറയുവാൻ
എൻ ചങ്ങതീ നിന്നോട്
വെറുമൊരു യാത്രാമൊഴി മാത്രം .



ഷബ്ന എൻ ക്ലാസ് 10

# ഗുരുനാഥ



പുഷ്പ മൗതാരിൽ ഒരു
പൂവ് വിടർന്ന പോൽ
എത്ര സൗമ്യമെൻ അദ്ധ്യാപിക
പുഞ്ചിരി തൂകി ഞങ്ങൾക്കരികിൽ
വന്ന മൃദുലാമെൻ അദ്ധ്യാപിക
എത്ര പഠിപ്പിച്ചു എത്ര കളിപ്പിച്ചു
ഞങ്ങളെ സ്നേഹിച്ചയെൻ അദ്ധ്യാപിക
ഞാൻ മറന്ന നാളിലെന്നെ
വീണ്ടും ഉണർത്തിയെൻ അദ്ധ്യാപിക
നിൻ മുഖം ഞാൻ കണ്ണാടി
പോലെൻ മനസ്സിൽ പതിപ്പിച്ച
എന്നുമെന്നു മോർത്തു
വണങ്ങുന്നയെൻ അദ്ധ്യാപിക



വിവേക് ബിനു

ക്ലാസ് 10

ചാരുത

# പൊന്നമ്പിളി

*മൂവന്തിയായ്, അർക്കൻ*
*പോയ് മറഞ്ഞില്ലോ,*
*പിന്നെ, ധരണിയെകുളിരണിയിക്കാൻ*
*ചന്ദ്രിക വന്നല്ലോ*
*കിഴക്കുദിക്കിൽ, മാനത്തായൊരു*
*സ്വർണ്ണത്തക്കല്ലോ*
*വിളങ്ങിടുന്നു, തെങ്ങോലകളും*
*നിന്നു തിളങ്ങുന്നു*
*ചിരിച്ചു നിൽക്കും പൊന്നമ്പിളി-*
*യോടിഷ്ടം തോന്നിപ്പോയ്*
*കൊതിപ്പൂ ഞാനും, നിത്യം*
*എന്നുടെ കൈയ്യെത്തീടാനായി*
*തെളിഞ്ഞുമിന്നും താരകളോടൊപ്പം*
*മനം കുളിർപ്പിക്കും*
*പ്രണമിച്ചീടുന്നീ വിസ്മയ-*
*മരുളിയ പ്രപഞ്ചസത്യത്തെ.*




**ഹുസൈൻ**

**ക്ലാസ് 9**

# പ്രപഞ്ചത്തെയൊളിപ്പിച്ച പട്ടിക

"ഇതിലുള്ളത് മറ്റെവിടെയും കണ്ടേക്കാം,എന്നാൽ ഇതിൽ ഇല്ലാത്തത് മറ്റെവിടെയും കാണാനാകില്ല " മഹാഭാരതം എന്ന ഇതിഹാസത്തെ കുറിച്ച് വ്യാസമഹർഷിയുടെ വാക്കുകളാണിത്.ഈ വിശേഷണത്തിന് അർഹമായ ഒന്ന്ശാസ്ത്രത്തിലുമുണ്ട്. പീരിയോഡിക് ടേബിൾ അഥവാ ആവർത്തനപട്ടിക .




1869 ൽ ജനിച്ച് 150 വയസ്സിലേക്കു കടന്നിട്ടും ചുറുചുറുക്കോടെ നിൽക്കുന്ന ആവർത്തന പട്ടികയാണ് ഇന്നും രസതന്ത്രത്തിന്റെ അടിസ്ഥാനശില . പ്രപഞ്ച വസ്തുക്കളുടെ രഹസ്യങ്ങളിലേക്ക് തുറക്കുന്ന വാതിലാണിത്.ഇന്നോളം അറിയപ്പെട്ട എല്ലാ മൂലകങ്ങളേയും അടുക്കി വച്ച ഈ പട്ടികയെ "പ്രപഞ്ചത്തിന്റെ സാംപിൾ " എന്നു വിളിക്കാം .


150 വർഷം മുൻപ് ദിമിത്രി ഇവാനോവിച്ച് മെൻഡലീഫ് എന്ന റഷ്യൻ ശാസ്ത്രജ്ഞൻ ചിതറി കിടന്നിരുന്ന മൂലകങ്ങളെ അവയുടെ പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ അടുക്കി വച്ചപ്പോൾ അത് ആധുനിക രസതന്ത്രത്തിന്റെ

അടിത്തറയായി മാറി . ജീവശാസ്ത്രത്തിൽ ഡാർവിന്റെ പരിണാമ സിദ്ധാന്തത്തിനും ഭൗതികശാസ്ത്രത്തിൽ ന്യൂട്ടന്റെ ഭൂഗുരുത്വാകർഷണനിയമത്തിനുംതുല്യമാണ് രസതന്ത്രത്തിന് പീരിയോഡിക് ടേബിൾ .

പീരിയോഡിക് ടേബിളിന്റെ ഈ പ്രാധാന്യം കണക്കിലെടുത്താണ് അതിന്റെ 150-ാം ജന്മവാർഷികമായ 2019 പീരിയോഡിക് ടേബിൾ വർഷമായി ആചരിക്കാൻ ഐക്യരാഷ്ട്ര സംഘടന തീരുമാനിച്ചത്. ഫോസ്ഫറസ് ആണ് ആദ്യം കണ്ടെത്തിയ മൂലകമെങ്കിലും അതിനു മുൻപേ പല മൂലകങ്ങളെ കുറിച്ചും മനുഷ്യന് അറിയാമായിരുന്നു . കാർബൺ ,സൾഫർ,ഇരുമ്പ് ,ചെമ്പ് ,സ്വർണ്ണം തുടങ്ങിയവ അവയിൽ ചിലതാണ്. മറ്റു പല ശാസ്ത്രജ്ഞൻമാരും മെൻഡലീഫിനെപ്പോലെ അറ്റോമിക ഭാരത്തിന്റെ ക്രമത്തിൽ മൂലകങ്ങളെ ക്രമീകരിച്ചിരുന്നു. എന്നാൽ പീരിയോഡിക് നിയമത്തിന്റെ അടിസ്ഥാനത്തിൽ മൂലകങ്ങളെ ക്രമീകരിച്ചപ്പോൾ ചില സ്ഥലങ്ങളിൽ മൂലകങ്ങൾ ചേരാതെ വന്നു . ആ കോളങ്ങൾഒഴിച്ചിട്ട് അദ്ദേഹം ഒരു പ്രഖ്യാപനം നടത്തി .ഈ കളങ്ങളിൽ ഭാവിയിൽ പുതിയ മൂലകങ്ങൾ വന്നു ചേരും . ഈ പ്രഖ്യാപനം ശരിയായിരുന്നു എന്ന് കാലം തെളിയിച്ചു .ഏറ്റവും കൃത്യമായി മൂലകങ്ങളെ ക്രമീകരിച്ച മെൻഡലീഫിനെ ശാസ്ത്രലോകം 'ആധുനിക ആവർത്തനപ്പട്ടികയുടെ പിതാവ്' എന്നു വിളിച്ചു.

1906 ൽ നൊബേൽ സമ്മാനത്തിന് വേണ്ടി അദ്ദേഹത്തിനെ പരിഗണിച്ചെങ്കിലും ഒരു വോട്ടിന് പിന്നിലായി പോയി പിറ്റേ വർഷം അദ്ദേഹം അന്തരിച്ചു . ഒടുവിൽ 101-മത്തെ മൂലകം കണ്ടെത്തിയപ്പോൾ അതിന് 'മെൻഡലീവിയം' എന്ന പേരുനൽകി കൊണ്ട് ശാസ്ത്രലോകം അദ്ദേഹത്തെ ആദരിച്ചു.ഒരേ സ്വഭാവമുള്ള മൂലകങ്ങൾ ആവർത്തിച്ചു വരുന്നതിനാലാണ് ആവർത്തന പട്ടികയ്ക്ക് ആ പേര് വന്നത്.


മെൻഡലീഫ് ആവർത്തനപട്ടിക തയ്യാറാക്കുമ്പോൾ എന്തുകൊണ്ടാണ് ഈ ആവർത്തനം സംഭവിക്കുന്നത് എന്ന അദ്ദേഹത്തിന് കൃത്യമായി അറിയില്ലായിരുന്നു.പിന്നീട് ആറ്റം ഘടനയെ കുറിച്ച് വ്യക്തമായ വിവരങ്ങൾ ലഭിച്ചപ്പോഴാണ് ഇതിന്റെ രഹസ്യം ശാസ്ത്രത്തിന് പിടികിട്ടിയത്.ഇടത്ത് നിന്ന് വലത്തോട്ടുള്ള വരികളായും താഴേക്കുവരുന്ന നിരകളായുമാണ് മെൻഡലീഫ് മൂലകങ്ങളെ ക്രമീകരിച്ചത്. വലത്തോട്ടുള്ള ശ്രേണികളെ പിരീഡുകൾ എന്നും



താഴേക്കുള്ളനിരകളെ ഗ്രൂപ്പുകൾ എന്നും വിളിച്ചു . ഇതു കൂടാതെ പീരിയോഡിക് ടേബിളിനെ s,p,d,f എന്നിങ്ങനെ നാലു ബ്ലോക്കുകളായി തിരിച്ചിട്ടുണ്ട്.മനുഷ്യൻ കൃത്രിമമായി നിർമ്മിച്ച ആദ്യ മൂലകമാണ്. ടെക്നീഷ്യം (Tc) അറ്റോമിക സംഖ്യ 43 ഉള്ള ഈ മൂലകത്തെ മോളിബ്ഡിനം ആറ്റത്തിൽ നിന്നാണ് നിർമ്മിച്ചത്. സംയുക്തങ്ങൾ ഉണ്ടാക്കുന്നതിൽ റെക്കോർഡിട്ട ഒരു മൂലകമുണ്ട് പീരിയോഡിക്ടേബിളിൽ," കാർബൺ' ഏകദേശം ഒരു കോടിയിലധികം സംയുക്തങ്ങളാണ് കാർബണിന്റെ പേരിലുള്ളത്.

പല ഗവേഷകരുടെയും ഓർമ്മയ്ക്കായി മൂലകങ്ങൾക്ക് പേരിട്ടുണ്ട്. ബോറിയം (നീൽസ് ബോർ) ഫെർമിയം (എൻ റിക്കോ ഫെർമി ),ക്യൂറിയം (ക്യൂറി ദമ്പതികൾ) , ഐൻസ്റ്റീനിയം (ഐൻസ്റ്റീൻ ) , റൂഥർഫോർഡിയം (റൂഥർ ഫോർഡ്),നൊബീലിയം (ആൽഫ്രഡ് നോബൽ) തുടങ്ങിയവ ഉദാഹരണങ്ങളാണ്.

പീരിയോഡിക് ടേബിളിളെ രണ്ടേ രണ്ടു മൂലകങ്ങളാണ് സാധാരണ ഊഷ്മാവിൽ ദ്രാവകാവസ്ഥയിൽ കാണപ്പെടുന്നത്. മെർക്കുറിയം , ബ്രോമിനും അന്തരീക്ഷ ഊഷ്മാവ് അല്പം ഉയർന്നാൽ സിബിയം , റുബീഡിയം ,ഫ്രാൽസിയം ,ഗാലിയം എന്നീ മൂലകങ്ങളും ദ്രാവകാവസ്ഥയിലേക്ക് പോകും .നാലു മൂലകങ്ങളാണ് ഏറ്റവും അവസാനമായി പീരിയോഡിക് ടേബിളിലേക്ക് എത്തിയത്.അറ്റോമിക സംഖ്യ 113,115,117,118 എന്നിവയുള്ള മൂലകങ്ങൾ നിഹോണിയം, മോസ്കോവിയം , ടെന്നസീൻ ,ഓഗനസൺ എന്നിവയാണ്.



ഷീബ എസ് ഡി
(അദ്ധ്യാപിക)

ചാരുത

# ഓർമ്മപൂക്കൾ

ഗതകാല യാഥാർത്ഥ്യങ്ങളിലേക്ക് മനസ്സിന്റെ കെട്ടഴിച്ചുവിട്ടാൽ അതിന്റെ ഗതിവിഗതികൾ വിശാലതയുടെ ഗോപുരവാതിലുകൾ തകർത്തുമുന്നേറുന്നു.

ഒരു പ്രഭാതം- ഭാരതമണ്ണിൽ ദുഃഖത്തിന്റെ സ്മരണപാകിയ 1983 - 1984( ഭോപ്പാൽ ദുരന്തം,ഇന്ദിരാജിയുടെ കൊലപാതകം അങ്ങനെ ദുരന്തവർഷം) ഡിസംബർ മാസം ഞങ്ങളുടെ ജീവിതത്തെ മാറ്റിമറിച്ച സംഭവമാണ് ഒരു വശം തളർന്ന അച്ഛൻ രോഗബാധിതനായ ദിവസം ഞാൻ ഇലക്ട്രിക്കൽ എൻ ജിനീയറിംഗിന് രണ്ടാം വർഷം പഠിക്കുന്ന അമ്മയ്ക്ക് കശുവണ്ടി ഫാക്ടറിയിൽ ജോലിയില്ല. ആകെ സാമ്പത്തിക ദാരിദ്രം .

സാധനം വാങ്ങുന്ന കടയിൽ നിന്നും അരി കടം വാങ്ങാൻ ചെന്നപ്പോൾ സാധനം കിട്ടാതെ ഒഴിഞ്ഞ സഞ്ചിയും നിറഞ്ഞൊഴുകിയ കണ്ണുമായി അമ്മ തിരികെയെത്തി. അനുജനും ഒരു സഹോദരിയും ഉൾപ്പെട്ട ഞങ്ങളഞ്ചുപേർ പശിയുടെ രുചി അറിഞ്ഞു.

ബുക്കും പുസ്തകവും അടച്ചുവച്ച് തൊഴിൽ അന്വേശിച്ച ഞാൻ k.l.p യുടെ പണിസ്ഥലത്തെത്തി നന്നെ ചെറിയ ശരീര പ്രകൃതിയായിരുന്നു. എനിക്ക് അവർ ജോലിതന്നില്ല. സ്ഥലത്തെ ഒരു നേതാവ് ഒരു ചുവന്ന തുണി തന്നിട്ട് പറഞ്ഞു ജോലിതന്നില്ലങ്കിൽ അവരുടെ പണിസൈറ്റിൽ ഈ കുത്തണം ഞാനൊരു കമ്പിയിൽ ആ തുണി കെട്ടി പണി സൈറ്റിൽ കുത്തി വച്ചു ഉടവ് നൂറുകണക്കിന് തൊഴിലാളികൾ പിക്കാസും മൺവെട്ടയും തോളിൽ വെച്ച് പണി നിർത്തി കരക്കു കയറി വരി വരി ആയി പ്പോയി അന്തരീക്ഷത്തിൽ പാറി കളിച്ച ആ കൊടികുറയെ അഭിമാനത്തോടെ നോക്കിനിന്നു .

പിന്നീടാ സൈറ്റിലെ മുഴുവൻ തൊഴിലാളികളുടെയും നേതാവായി , കൂലിവർധനബോണസ് ഉടങ്ങിയ ആവശ്യങ്ങൾക്ക് നിരവധി സമരങ്ങൾ നയിച്ച രണ്ട് വർഷ കാലം ആ പ്രദേശത്തിന്റെ പ്രിയങ്കരനായി മാറാൻ എനിക്കു കഴിഞ്ഞു ഒപ്പം എന്റെ വീടിന്റെ ദാരിദ്രം അകറ്റാൻ സാധിച്ചു . ഏതു കാര്യത്തിലും ഉറച്ചതീരുമാനമെടുക്കാനുള്ള ശക്തിയും ധൈര്യവും എന്നിലേക്കാവാഹിച്ച കാലത്തിലേക്കുള്ള ഒരു എത്തി നോട്ടം പിന്നീട് പല തൊഴിലുകളും ചെയ്തു എന്റെ

*മനസിനോട് ചേർത്തുവച്ച പ്രണയിനി 'വായന ' ആ വായനയാണ് എന്നെ ഞാനാക്കിയ പ്രേരക ശക്തി .*



ബാബു ആർ

അദ്ധ്യാപകൻ

# നൈതികം

# ഭരണഘടന

# എസ്.എൻ.വി.എസ്.എച്ച്.എസ്

# തുരുത്തിക്കര

## ആമുഖം

ഇന്ത്യൻ ഭരണഘടനയുടെ എഴുപതാം വാർഷികാഘോഷങ്ങളുടെ ഭാഗമായി നൈതികം എന്ന ഭരണഘടനാ നിർമാണ ദൗത്യം കുട്ടികൾക്ക് നൽകുകയുണ്ടായി. നമ്മുടെ ഭരണഘടനയുടെ മൂല്യങ്ങളെക്കുറിച്ച് കുട്ടികളെ ഓർമ്മപപെടുത്തുവാനുള്ള ഒരവസരമാണിത്.

ഇന്ത്യൻഭരണഘടന ഇന്ത്യയിലെ എല്ലാ പൗരൻമാർക്കും എല്ലാ അവകാശങ്ങളും അന്തസ്സും വാഗ്ദാനം ചെയ്യുന്നു.നൈതികം പരിപാടിയിലൂടെ കുട്ടികൾ ഭരണഘടനാനിർമ്മാണസഭ രൂപീകരിക്കുകയും ചെയർമാനെ തിരഞ്ഞെടുക്കയും വിവിധ ഇടങ്ങളിൽ അവരുടെ അവകാശങ്ങളെക്കുറിച്ചും കടമകളെ ക്കുറിച്ചും ചർച്ച ചെയ്യുകയും ,ഭരണഘടന നിർമ്മിക്കയും ചെയ്തു. ഭരണഘടനയുടെ എഴുപതാം വാർഷികാഘോഷവേളയിൽ ഏറ്റവും ഉചിതമായ ഒരു പരിപാടിയാണിത്. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും എന്റെ ആശംസകൾ.

ഹെഡ്മിസ്ട്രസ്സ്
അനിത.എം .കെ
എസ്.എൻ.വി.എസ്.എച്ച്.എസ്



## ഭരണഘടനാനിർമ്മാണ സഭാംഗങ്ങൾ

൦ ഷഹിൻഷാ
൦ ഷബ്ന
൦ ശ്രീന
൦ ശ്രീതു
൦ അഞ്ജ്ന
൦ ശ്രീജ

ചെയർമാൻ : ഷഹിൻഷാ

## അവകാശങ്ങൾ

### പൊതുസമൂഹം

*ആശയപ്രകടനത്തിനും സഞ്ചാരത്തിനുമുള്ളഅവകാശം

*സംരക്ഷണത്തിനുള്ള അവകാശം

*തുല്യതയ്ക്കുള്ള അവകാശം

*കലകായിക മേഖലകളിലും സാഹിത്യമേഖലകളിലും ഉള്ള അഭിരുചിവളർത്തുക

*ശുദ്ധവായു ശുദ്ധജലം ലഭിക്കുന്നതിനുള്ളഅവകാശം

*ഭയരഹിതമായി ജീവിക്കുന്നതിനുള്ളഅവകാശം

*ജീവനും സ്വത്തിനും സംരക്ഷണത്തിനുള്ള അവകാശം

*തുല്യനീതിക്കുള്ള അവകാശം

### വിദ്യാലയം

* ശാസ്ത്ര സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പഠനം നിർവഹിക്കുന്നതിന് പര്യാപ്തമായതും,ഇരിക്കുന്നതിനും,പാഠപുസ്തകങ്ങൾ സൂക്ഷിക്കുന്നതിനും എഴുതുന്നതിനും സൗകര്യപ്രദമായ വായു സഞ്ചാരമുള്ള നല്ല ക്ലാസ് മുറികൾ ഉണ്ടാകണം.

* നല്ല അധ്യാപകരും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യസം ലഭിക്കാനുള്ള അവകാശം.

*സ്കൂളിലേക്ക് വാഹനസൗകര്യം ലഭിക്കാനുള്ള അവകാശം.

* ആധുനികശാസ്ത്ര ലാബ്, ലൈബ്രറി,ശാസ്ത്ര പരീക്ഷണങ്ങൾക്കുള്ള ലബോറട്ടറി സംവിധാനങ്ങൾ ലഭിക്കണം.

* വൈവിധ്യമാർന്ന മെനുഅനുസരിച്ച് ഭക്ഷണം, ശുദ്ധജലം,പ്രത്യേകപോഷകാഹാരങ്ങൾ എന്നിവ ഉറപ്പ് വരുത്തണം

* കായിക കലാസാഹിത്യ പരമായകഴിവുകളെ പ്രോത്സാഹിപ്പിക്കുവാനും-

മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുമുള്ള അവകാശം

* ജലലഭ്യത ഉള്ളതും ശുദ്ധിയുള്ളതുമായ ടോയ് ലറ്റുകൾ ആൺകുട്ടികൾക്കും-

പെൺകുട്ടികൾക്കും ലഭിക്കണം

*കായിക പരിശീലനം ലഭിക്കുന്നതിന്ആവശ്യമായസ്കൂൾ ഗ്രൗണ്ടും പരിശീലകനും ലഭിക്കാനുമുള്ള അവകാശം.

* വിശ്രമവേളകൾ വിനോദകരമാക്കുന്നതിന് ടി.വികാണുന്നതിനും പത്രപാരായണം നടത്തുന്നതിനും റീഡിങ് റൂം എന്നിവ ഉണ്ടാവുക.

## യാത്ര

$ സംരക്ഷിതത്ത്വത്തിനുള്ള അവകാശം.

$യാത്രവേളകളിൽ സംവരണം ലഭിക്കുന്നതിനുള്ള അവകാശം.

$വാഹനങ്ങളിൽ അർഹമായ യാത്ര അനുകൂല്യം ലഭിമാകുക.

$വിവേചനത്തിനെതിരെ പ്രതികരിക്കാനുള്ള അവകാശം.

$അസമയത്തുള്ള യാത്ര വേളകളിൽ ലക്ഷ്യസ്ഥാനത്ത് സുരക്ഷിതത്തോടുകൂടി എത്തിചേരാനുള്ള അവകാശം

## കുടുംബം

! ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും തുല്യഅവകാശം .

! സ്നേഹം,വാൽസല്യംസുരക്ഷിതത്വം എന്നിവ ലഭിക്കുന്നതിനുള്ള അവകാശം.

! ഭക്ഷണം,വസ്ത്രം,വിദ്യഭ്യാസം എന്നിവ ലഭിക്കണം.

! വിശ്രമത്തിനും വിനോദത്തിനും ഉള്ള അവസരം ലഭ്യമാക്കണം.

## കടമകൾ

### യാത്ര

$ വാഹനങ്ങളിൽ കൈയ്യും തലയും പുറത്തിടാതെ യാത്രചെയ്യുക.

$ വാഹനനിയമങ്ങൾ പാലിക്കുക.

$ വയോധികരെ യാത്രാവേളകളിൽ സഹായിക്കുക.

$ സുരക്ഷിതമായി യാത്രചെയ്യാം എന്ന് ഉറപ്പ് വരുത്തുക.

$ അമിതവേഗത ,അശ്രദ്ധയോടെയുള്ള ഡ്രൈവിങ് കുട്ടികളെ കയറ്റാതിരിക്കുക തുടങ്ങിയ സന്ദർഭങ്ങളിൽ ബന്ധപ്പെട്ടവരെ പരാതികൾ അറിയിക്കുക

### വിദ്യാലയം

@ വിദ്യാലയത്തേയും,അധ്യാപകരേയും,മുതിർന്നവരെയും ബഹുമാനിക്കുക.

@ സഹപാഠികളോട് സഹവർത്തിത്ത്വം പുലർത്തുക.

@ കൊച്ചുകുട്ടികളെ സഹായിക്കുക.

@ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ കഴിവ് തെളിയിക്കുക.

@ സ്കൂളിലെ ഉപകരണങ്ങൾ പരിസ്ഥിതി എന്നിവ സംരക്ഷിക്കുകയും അച്ചടക്കം പാലിക്കുകയും ചെയ്ത് സ്കൂൾ സംസ്കാരത്തെ നിലനിർത്തുക.

@ ദിനാചപണപ്രവർത്തനങ്ങളിലും സ്കൂളിലെ വിവിധ ക്ലബ്ബ് പ്രവർത്തനങ്ങളിലും സജീവത പുലർത്തുക.

@ വ്യക്തി,ക്ലാസ്,സ്കൂൾപരിസരങ്ങൾ ശുദ്ധിയോടെ സംരക്ഷിക്കുക.

@ പഠന പിന്നോക്കാവസ്ഥയുള്ളവരെ സഹായിക്കുക എന്ന മനസ്സ് കാണിക്കുക.

@ സ്കൂൾ നിയമങ്ങൾ പാലിക്കുക സ്കൂളിന്റെ അന്തസ്സ് ഉയർത്തുക.

### കുടുംബം

0 മാതാപിതാക്കളെയും മുതിർന്നവരയുംഅനുസരിക്കുകബഹുമാനിക്കുക.

0 സഹായിക്കാൻ കഴിയുന്നവീട്ടുജോലികളിൽപങ്കാളികളാവുക.

0 സ്നേഹപൂർണമായ കുടുംബ അന്തരീക്ഷം സൃഷ്ടിക്കുക

o അയൽക്കാരുമായി സ്നേഹപൂർണമായി പെരുമാറുക.

o വീട്ടിലുള്ള വയോധികരെ സഹായിക്കുക.

O രാവിലെയും വൈകിട്ടും കളിക്കുക ,ധ്യാനിക്കുക,പഠിക്കുക.

O നല്ല പെരുമാറ്റശീലങ്ങൾ പുലർത്തുക.

O വീടിനുമുൻമ്പിൽ ചെടികളും വൃക്ഷങ്ങളും വച്ചുപിടിപ്പിക്കുക.

O അടുക്കളത്തോട്ടം നിർമ്മിക്കുക സംരക്ഷിക്കുക.

O ജലം,വൈദ്യുതി എന്നിവ പാഴാക്കാതെ ശ്രദ്ദിക്കുക.

O കുടുംബത്തിലെ എല്ലാവരുമായി യോജിച്ച് പെരുമാറുക.

## പൊതുസമൂഹം

* പൊതുസ്ഥലങ്ങളും പൈതൃകസ്വത്തുകളും സംരക്ഷിക്കുക

*വയോധികരേയും അവശത അനുഭവിക്കുന്നവരേയും സഹായിക്കുക

*കുടിവെള്ളസ്രോതസ്സുകളും ജലാശയങ്ങളും മലിനമാക്കാതെ സംരക്ഷിക്കുക

*ജലം വൈദ്യുതി എന്നിവപാഴാകാതെ ശ്രദ്ധിക്കുക

*കുടുംബത്തിൽ എല്ലാവരുമായി യോജിച്ച് പെരുമാറുക





മിഥുൻ രാജ് എം

ക്ലാസ് 9


Thank you
Adobe Stock
#211198775